## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07.06.2018-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1337**

## ഇടുക്കി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായവും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>എട്ടുമുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത 56 സ്കൂളുകളിലെ 369 ക്ലാസ് മുറികളിൽ 316 ക്ലാസ് മുറികളിലേക്കുള്ള ഉപകരണ വിതരണം പൂർത്തിയായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെട്ടുവെന്നും ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയെന്നും വിശദമാക്കാമോ;<br><br>(സി) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ? | (ബി) & (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇടുക്കി നിയോജകമണ്ഡലത്തിലെ മുരിക്കാട്ടുകുടി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ പുനരുദ്ധാരണത്തിന് കിഫ്ബിയുടെ 5 കോടി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. കിഫ്ബിയുടെ മൂന്നുകോടി രൂപ ധനയഹായ പദ്ധതിക്കായി ഡി.പി.ആർ. സമർപ്പിച്ച ഗവ.ഹയർ സെക്കന്ററി സ്കൂൾ, പണിക്കൻകുടിയുടെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |

Namitha

സെക്ഷൻ ഓഫീസർ